കളിൽ ശുദ്ധജലം എത്തിക്കുന്ന ചുമതലയാണ് ജല അതോറിറ്റിക്ക് ഉള്ളത്. ഇതിൽ 649 വാർഡുകളിലേയ്ക്കുള്ള പദ്ധതികൾക്ക് 42.23 കോടി രൂപയ്ക്കുള്ള ധനാനുമതി നല്കി ഇതിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു. ബാക്കിയുള്ളവയ്ക്ക് പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇതിന് ജല അതോറിറ്റിക്ക് മൂന്ന് വർഷങ്ങളിലായി (1998-99, 1999-2000, 2000-2001) 795.78 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ ഫണ്ട് സ്വരൂപിക്കുന്നതിന് വാർഷിക ബഡ്ജറ്റിലൂടെ ലഭ്യമായ തുകയ്ക്കു പുറമേ പ്രത്യേക ഫണ്ട് അനുവദിക്കാനും ബോണ്ടുകൾ പുറപ്പെടുവിക്കുക, ബാങ്കുകളിൽനിന്ന് ലോൺ എടുക്കുക, ഉപഭോക്താക്കളിൽനിന്നും വിഹിതം സംഘടിപ്പിക്കുക, തദ്ദേശ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഈടാക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് ഉന്നതതല കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്.

കൂടാതെ ഇപ്പോൾ ജല അതോറിറ്റി അഭിമുഖീകരിക്കുന്ന ഭരണസംബന്ധവും കരാർസംബന്ധവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് ഇ.പി.സി. എം. എന്ന മോഡേൺ കോൺട്രാക്ട് സമ്പ്രദായം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മൂന്ന് കോടി രൂപയിൽ കൂടുതൽ അടങ്കൽത്തുക വരുന്ന പദ്ധതികൾക്ക് ആണ് ഇപ്രകാരം കോൺട്രാക്ട് ഏർപ്പെടുത്തുന്നത്. ആവശ്യാനുസരണം മെറ്റീരിയൽസ് വാങ്ങുന്നതിന് സൗകര്യമാകത്തക്കവിധം റേറ്റ് കോൺട്രാക്ട് സിസ്റ്റവും ഏർപ്പെടുത്തും. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ആവശ്യമായ സ്ഥലം പഞ്ചായത്തുകൾ ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് വായ്പ നൽകുന്നതിനുള്ള ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്താനും നടപടികൾ സ്വീകരിച്ചുവരുന്നു.

(3503) വൻകിട ജലസേചന പദ്ധതികളുടെ പണി

ശ്രീ. പാലോട് രവി :

ശ്രീ. എ.കെ. മണി :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് ഏതെല്ലാം വൻകിട ജലവിതരണ പദ്ധതികളുടെ പണി നടന്നു വരുന്നു;

(ബി) ഇവയിൽ ഏതിനെല്ലാം വിദേശ സഹായം ലഭിക്കുന്നുണ്ട്;

(സി) ഇപ്പോൾ പണി നടന്നുവരുന്ന വൻകിട ജലവിതരണ പദ്ധതികളുടെ പണി എന്നാണ് ആരംഭിച്ചത്;

(ഡി) ഇവയുടെ പണി എന്നു പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നത് എന്ന് അറിയിക്കുമോ;

(ഇ) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സംസ്ഥാനത്ത് 101 വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പണി നടന്നുവരുന്നു. ഇവയുടെ പേരു വിവരം അനുബന്ധമായി† ചേർത്തിരിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ കൊല്ലം ജില്ലയിലെ കുണ്ടറയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കും, തൃശൂർ ജില്ലയിലെ പാവറടി ശുദ്ധജലവിതരണ പദ്ധതിക്കും നെതർലാന്റ് ഗവണ്മെന്റിന്റെ സഹായം ലഭിക്കുന്നുണ്ട്.

(സി)-(ഇ) ഇവയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(3506) ജലസേചനം ആവശ്യമായിട്ടുള്ള ഭൂമി

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ ഭൂമിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇനിയും ജലസേചനം ആവശ്യമായിട്ടുള്ള എത്ര ഹെക്ടർ ഭൂമി സംസ്ഥാനത്തുണ്ട്;

(സി) ഈ ഭൂമിക്ക് ജലസേചനം ഏർപ്പെടുത്തുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ വിശദവിവരം നല്കുമോ?

ഉത്തരം

(എ) 423773 ഹെക്ടർ സ്ഥലം.

(ബി) ഏകദേശം 1827135 ഹെക്ടർ സ്ഥലം.

(സി)&(ഡി) ഉണ്ട്. കുരിയാർകുറ്റി-കാരപ്പാറ, ചന്ദ്രവട്ടത്തെ ബ്രിഡ്ജ്-കം-റഗുലേറ്റർ എന്നീ പദ്ധതികളും, പര്യവേക്ഷണം നടന്നുകൊണ്ടിരിക്കുന്ന ബാണാസുരസാഗർ, വാമനപുരം, ചാലിയാർ, മീനച്ചിൽ എന്നീ പദ്ധതികളും പ്രാവർത്തികമാകുമ്പോൾ 60946 ഹെക്ടർ സ്ഥലത്ത് പുതുതായി ജലസേചന സൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കും. ഇതുകൂടാതെ കബനീ നദീതട പദ്ധതികളായ കല്ലംപതി, കടമൻതോട്, നൂൽപ്പുഴ, ചുണ്ടേലിപ്പുഴ, ചീഫലട്ട് എന്നിവയുടെ പര്യവേക്ഷണം നടത്തുവാനും തീരുമാനമായിട്ടുണ്ട്.

(3507) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കോരയാർ വരെയുള്ള പണി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ കോരയാർ വരെയുള്ള പണി ആരംഭിക്കുവാൻ ഭരണാനുമതി ഏത് വർഷം നല്കി;

(ബി) കരാർ പണി ഏത് വർഷമാണ് തുടങ്ങിയത്;

---

†

LIBRARY ARCHIVES Kerala Legislative Assembly